## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 719

30..06..2011 -ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി.ജലീൽ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.ദാസൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എഞ്ചിനീയറിംഗ് കോളേജുകളുടേയും സയൻസ് കോളേജുകളുടേയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഐ.എച്ച്.ആർ.ഡി. -യുടെ കീഴിൽ സംസ്ഥാനത്ത് 9 എഞ്ചിനീയറിംഗ് കോളേജുകളും 39 അപ്ലൈഡ് സയൻസ് കോളേജുകളും പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം ഐ.എച്ച്.ആർ.ഡി. വിലയിരുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**എഞ്ചിനീയറിംഗ് കോളേജുകൾ**<br><br>ഐ.എച്ച്.ആർ.ഡി. -യുടെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. ഇവയെല്ലാം എ.ഐ.സി.റ്റി.ഇ യുടെ അനുമതിയ്ക്ക് വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത്. ഐ.എച്ച്.ആർ.ഡി.-യുടെ എഞ്ചിനീയറിംഗ് കോളേജുകളിലെല്ലാം തന്നെ വിദ്യാർത്ഥികൾക്കാവശ്യമായ പഠന സൗകര്യങ്ങളും മറ്റും എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിച്ചിരിക്കുന്നതിനനുസൃതമായി ഒരുക്കിയിട്ടുണ്ട്. എന്നാൽ ആവശ്യപ്രകാരമുള്ള കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത എ.ഐ.സി.റ്റി.ഇ. ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(തുടർച്ച..... പേജ്.2/-)

**കോളേജ് ഓഫ് അപ്ലൈഡ് സയൻസ്**

കോളേജ് ഓഫ് അപ്ലൈഡ് സയൻസ് തുടങ്ങുന്നതിനാവശ്യമായ സ്ഥലവും സ്വന്തമായി കെട്ടിടവും നിർമ്മിക്കുന്നതുവരെ കോളേജ് പ്രവർത്തിക്കാനാവശ്യമായ താത്ക്കാലിക സൗകര്യങ്ങൾ സൗജന്യമായി ഐ.എച്ച്.ആർ.ഡി. -യ്ക്ക് കൈമാറുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഐ.എച്ച്.ആർ.ഡി. കേരളത്തിലെ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ അനുമതിയ്ക്ക് വിധേയമായി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ആരംഭിച്ചത്. ഐ.എച്ച്.ആർ.ഡി.-യ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതവും എം.എൽ.എ., എം.പി.-മാരുടെ ഫണ്ട് ഉപയോഗിച്ചും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**(ബി)** ഐ.എച്ച്.ആർ.ഡി. -യുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും വേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

**(ബി)** ഐ.എച്ച്.ആർ.ഡി. -യുടെ പോളിടെക്നിക്കുകളിലും സ്കൂളുകളിലും കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിക്കുന്ന പ്ലാൻ ഫണ്ട് വഴിയാണ് നടത്തിവരുന്നത്. മറ്റ് സ്ഥാപനങ്ങളിൽ ഫീസ് ഇനത്തിലും എൻ.ആർ.ഐ. ഡെപ്പോസിറ്റ് ഇനത്തിലും ലഭിക്കുന്ന തുക ഉപയോഗിച്ചാണ് വികസനപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും മറ്റും ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ നിത്യ ചെലവുകൾക്ക് മാത്രമേ ഈ തുക മതിയാകുന്നുള്ളൂ.

(തുടർച്ച..... പേജ്.3/-)

| | | | |
|---|---|---|---|
| | | | പദ്ധതി വിഹിതം വർദ്ധിപ്പിച്ചും എം.എൽ.എ., എം.പി. ഫണ്ടിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കിക്കൊണ്ടും, സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും അറ്റകുറ്റപണികളും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | നിർദ്ദേശങ്ങൾ കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമായ തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**